**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **09-12-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഒരു മണ്ഡലത്തിൽ ഒരു സ്മാർട്ട് കൃഷിഭവൻ എന്ന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നിന്ന് ഏത് കൃഷി ഭവനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും പുല്ലമ്പാറ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് കൃഷി ഭവനുകളെ അപേക്ഷിച്ച് എന്തെല്ലാം പ്രത്യേകതകളാണ് സ്മാർട്ട് കൃഷി ഭവനുകൾക്ക് ഉള്ളത് ; വിശദമാക്കാമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കു-ന്നതിനാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നാണ് ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.<br><br>സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.<br><br>1. പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർ വൽക്കരിക്കുകയും ചെയ്യുക.<br><br>2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.<br><br>3. കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.<br><br>4. കൃഷിഭവനുകളെ കടലാസ് രഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.<br><br>5. സ്മാർട്ട് കാർഡ് സംവിധാനം. |

| | | | |
|---|---|---|---|
| | | | 6. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.<br><br>7. കൃഷിഭവനുകളുടെ നവീകരണം.<br><br>8. വിവിധ ഉത്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള IT സംവിധാനം.<br><br>9. ആധുനിക വിപണന സംഭരണ സംവിധാനം.<br><br>10. കാർഷിക കർമ്മ സേന അഗ്രോ സർവ്വീസ് സെന്റർ. |

സെക്ഷൻ ഓഫീസർ